(ബി) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ശ്രീ. കെ. ഹംസ 31.10.1984–ലും ശ്രീ. പി.എ. ഖാലീദ് 10.5.1985–ലും അപേക്ഷിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹരിജൻ കോളനികളിലേയും സെറ്റിൽമെന്റുകളിലേയും വീടുകൾക്ക് വൈദ്യുതി കണക്ഷൻ

384 [717] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാൻറുകൊണ്ട് സാമൂഹ്യ വികസന വകുപ്പിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും വയറിംഗ് നടത്തിയ ഹരിജൻ കോളനികളിലേയും സെറ്റിൽമെന്റുകളിലേയും വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് കർശ്ശന നിർദ്ദേശം ബോർഡിന് നൽകാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ;

(ബി) കണക്ഷൻ കിട്ടാനായി ഇത്തരം എത്ര വീടുകൾ ഉണ്ടെന്നാണ് കണക്ക്?

ഉത്തരം

(എ) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പ് തെരഞ്ഞെടുക്കുന്ന ഹരിജൻ കോളനികൾ മാത്രമേ പ്രത്യേക മുൻഗണന നൽകി ബോർഡ് വൈദ്യുതീകരിക്കുന്നുള്ളു. മറ്റു ഹരിജൻ കോളനികളിലേയും സെറ്റിൽമെന്റുകളിലേയും വീടുകൾ മുൻഗണന കണക്കാക്കാതെ വൈദ്യുതീകരിക്കണമെന്നുള്ള നിർദ്ദേശം പ്രായോഗികമല്ല. വൈദ്യുതീകരണത്തിന് രജിസ്റ്റർ ചെയ്ത മുൻഗണനയനുസരിച്ച് മാത്രമേ അവ വൈദ്യുതീകരിക്കാൻ നിർവ്വാഹമുള്ളു.

(ബി) അത്തരത്തിൽ വയറിംഗ് ചെയ്തിട്ടുള്ള ഹരിജൻ കോളനികളിലേയും സെറ്റിൽമെന്റുകളിലേയും വീടുകൾ പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്നില്ല. അതിനാൽ അവയുടെ കണക്ക് ലഭ്യമല്ല.

ചിരണിക്കൽ ഹരിജൻ സങ്കേതം വൈദ്യുതീകരിക്കാൻ നടപടി

385 [718] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുമൺ പഞ്ചായത്തിലെ ചിരണിക്കൽ ഹരിജൻ സങ്കേതം വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് കാണിച്ച് 18–2–1985–ൽ (നമ്പർ 928/85എം/ഇ6) വിദ്യുച്ഛക്തി മന്ത്രിയുടെ ഓഫീസിൽനിന്നുമുള്ള അറിയിപ്പിൻമേൽ എന്തു മേൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലം ഇലക്ട്രിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇക്കാര്യത്തിൽ ഇതുവരെ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) നടപടി കൈക്കൊണ്ടിട്ടില്ലെങ്കിൽ, പ്രസ്തുത ഹരിജൻ കോളനിയിൽ വൈദ്യുതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് കർശ്ശന നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly